## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2345** | **12.02.2020** - ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജി എസ് ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇടയ്ക്കിടെയുള്ള വിലവർദ്ധനവിലെ ആഘാതം കുറയ്ക്കുന്നതിനായി എത്ര തവണ നികുതി നിരക്കിൽ കുറവു വരുത്തുകയുണ്ടായി ; വിശദാംശം നൽകുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ പെട്രോളിന് 4 തവണയും ഡീസലിന് 2 തവണയും കുറവ് വരുത്തുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>**പെട്രോൾ**<br><br>മെയ് 2011 ൽ 29.01 ശതമാനത്തിൽ നിന്ന് 26.64 ശതമാനത്തിലേയ്ക്കും സെപ്റ്റംബർ 2011 ൽ 26.64 ശതമാനത്തിൽ നിന്നും 25.42 ശതമാനത്തിലേയ്ക്കും നവംബർ 2011 ൽ 25.42 ശതമാനത്തിൽ നിന്ന് 24.75 ശതമാനത്തിലേയ്ക്കും മെയ് 2012 ൽ 25.82 ശതമാനത്തിൽ നിന്ന് 23.07 ശതമാനത്തിലേയ്ക്കും കുറവ് വരുത്തുകയുണ്ടായി.<br><br>**ഡീസൽ**<br><br>ജൂൺ 2011 ൽ 24.69 ശതമാനത്തിൽ നിന്ന് 22.60 ശതമാനത്തിലേയ്ക്കും സെപ്റ്റംബർ 2012 ൽ 22.60 ശതമാനത്തിൽ നിന്ന് 19.80 ശതമാനത്തിലേയ്ക്കും കുറവ് വരുത്തുകയുണ്ടായി. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഷയത്തിൽ എത്ര തവണ നികുതി നിരക്കിൽ | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഷയത്തിൽ ജൂൺ 2018 ൽ പെട്രോളിന് 31.8 ശതമാനത്തിൽ നിന്ന് |

| | | | |
|---|---|---|---|
| | കുറവു വരുത്തി എന്നതിന്റെ വിശദവിവരം നൽകുമോ; | | 30.08 ശതമാനത്തിലേയ്ക്കും ഡീസലിന് 24.52 ശതമാനത്തിൽ നിന്ന് 22.76 ശതമാനത്തിലേയ്ക്കും കുറവ് വരുത്തുകയുണ്ടായി. |
| (സി) | പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുവാനും അതിനാലുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തുവാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്. |

**സെക്ഷൻ ഓഫീസർ**